ജനറൽ സെക്ടർ സ്കീമിന് നീക്കിവച്ച തുക

1109 [1762] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ജനറൽ സെക്ടർ സ്കീമിന് 1977.78, 1978.79 വർഷങ്ങളിലേക്ക് നീക്കിവച്ചതുക എത്ര എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എന്തു തുക കൊല്ലം ജില്ലയിലെ സംവരണ മണ്ഡലങ്ങളായ നെടുവത്തൂർ, കുന്നത്തൂർ എന്നീ മണ്ഡലങ്ങളിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനറൽ സെക്ടർ സ്കീമിൽ 1977.78, 1978.79 വർഷങ്ങളിലേക്ക് നീക്കിവച്ച തുക യഥാക്രമം 13550.88 ലക്ഷം രൂപയും 18388.00 ലക്ഷം രൂപയുമാണ്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II ശ്രദ്ധക്ഷണിക്കൽ

പൊന്നാനി താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലെ ശോചനീയാവസ്ഥയെ സംബന്ധിച്ച്

ശ്രീ. എം.പി. ഗംഗാധരൻ: സർ, പൊന്നാനി താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി കുറെക്കാലമായി വളരെ അപകടകരമായ 9.30 a.m.] നിലയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഏകദേശം 300 ഓളം ഇൻ-പേഷ്യന്റ്സ് ഇന്നവിടെ ഉണ്ട്. ആയിരത്തോളം ഓപ്പറേഷനുകളും നടക്കുന്നുണ്ട്. ഒരുപക്ഷേ കേരളത്തിലെ ഏറ്റവും വലിയ താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയെന്നുള്ള നിലയിൽ വളരെ കൂടുതൽ രോഗികൾ ഇവിടെ വരികയും മരുന്നുവാങ്ങുകയും ചെയ്യുന്നുണ്ട്. എന്നാൽ അവിടെ ആളുകളെ കിടത്തി ചികിൽസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളൊന്നുമില്ല. വളരെക്കാലമായുള്ള ഒരു മുറവിളിയാണിത്. പഴയ ജീർണ്ണിച്ച കെട്ടിടങ്ങളാണ് ഉള്ളത്. ഉള്ള ആളുകൾതന്നെ നിലത്താണു കിടക്കുന്നത്. കിടക്കകളില്ല. വിരിയില്ല, ഡോബി ഇല്ല. അതുപോലെതന്നെ മരുന്നിന്റെ കാര്യവും. രണ്ടോമൂന്നോ മാസം മരുന്നു കിട്ടും. അതുകഴിഞ്ഞാൽ പിന്നെ ഡോക്ടർമാർ പുറത്തുനിന്നും മരുന്നെടുക്കാൻ എഴുതിക്കൊടുക്കുകയാണ്. എന്തുമരുന്നു ചോദിച്ചാലും അവിടെ കാണുകയില്ല. ഭക്ഷണവിതരണത്തിന്റെ കാര്യവും ഇതിൽ നിന്നും ഒട്ടും പിന്നോക്കമല്ല. രോഗികൾക്ക് അലോട്ടു ചെയ്യുന്ന ഭക്ഷണത്തിന്റെ മുപ്പതുശതമാനം മാത്രമേ വിതരണം ചെയ്യുന്നുള്ളു, ലഭിക്കുന്നുള്ളു. ലാവറട്ടറിയെല്ലാം പൊട്ടി മലിനജലവും അഴുക്കുകളുമെല്ലാം വാർഡുകളിൽക്കൂടി ഒഴുകുകയാണ്. ഒരുമനുഷ്യനും അവിടത്തെ വാർഡു

LIBRARY ARCHIVES Kerala Legislative Assembly